ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. വളരെ അടിയന്തിരമായി തമിഴ്നാട് നിലപാട് മാറ്റുന്നില്ലായെങ്കിൽ കേരളത്തിന് വളരെയധികം നഷ്ടമാണ് ഉണ്ടാകാൻ പോകുന്നത്. കാർഷിക മേഖല പൊതുവെ തകർന്നുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ഈ ഉണക്കവും കൂടി താങ്ങാവുന്നതല്ല. അതുകൊണ്ട് അടിയന്തിരമായി വെള്ളം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. അത് ലഭിക്കുന്നില്ലെങ്കിൽ കുടിവെള്ള പ്രശ്നംതന്നെ വളരെ രൂക്ഷമായി ജില്ലയിൽ മാറുമെന്നുള്ളതുകൊണ്ട് ഗവൺമെന്റ് സത്വരമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, പറമ്പിക്കുളം-അളിയാർ പദ്ധതിയിൽനിന്നും കരാറനുസരിച്ച് തമിഴ്നാട് കേരളത്തിന് നൽകേണ്ട വെള്ളം ഓരോ വർഷത്തേയ്ക്ക് 7.25 ടി.എം.സി. യാണ്. ഇതിന്റെ 197 ടി.എം.സി. ഒഴികെയുള്ള ജലം ഇതിനകം നമുക്ക് ലഭിച്ചുകഴിഞ്ഞു. സാധാരണയായി 197 ടി.എം.സി. വെള്ളം മാർച്ചുമാസത്തിൽ ചിറ്റൂരിലെ കൊങ്കൻപട ഉത്സവത്തോടനുബന്ധിച്ചാണ് തരാറുള്ളത്. ഇപ്പോഴത്തെ പ്രത്യേക പരിതഃസ്ഥിതി കണക്കിലെടുത്ത് പാലക്കാട് എം.പി. ശ്രീ. കൃഷ്ണദാസും അവിടത്തെ എം.എൽ.എ. യും നൽകിയ ഒരു നിവേദനത്തിന്റെ ഫലമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ ആ കാര്യം പെടുത്തുകയുണ്ടായി. അദ്ദേഹം തന്നെ ഒരു ടി.എം.സി. വെള്ളം ആവശ്യപ്പെട്ടുകൊണ്ട് തമിഴ്നാട് മുഖ്യമന്ത്രിക്ക് ഒരു കത്തെഴുതുകയുണ്ടായി. കഴിഞ്ഞ രാത്രിയിൽ തമിഴ്നാട് ജലസേചന വകുപ്പുമന്ത്രി ശ്രീ. ദുരൈമുരുകനുമായി ടെലിഫോണിൽ ബന്ധപ്പെട്ട് ഒരു ടി.എം.സി. വെള്ളം കൂടി കേരളത്തിന് അടിയന്തിരമായി ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുകയുണ്ടായി. അതനുസരിച്ച് ഒരു ടി.എം.സി. ജലം അടിയന്തിരമായി കേരളത്തിന് നൽകുന്നതിനുള്ള നടപടി സ്വീകരിക്കാമെന്ന് അദ്ദേഹം ഉറപ്പ് നൽകിയിട്ടുണ്ട്. അടിയന്തിരമായി അവിടത്തെ ഉദ്യോഗസ്ഥന്മാർക്ക് ഇന്നലെ രാത്രിതന്നെ നിർദ്ദേശം കൊടുക്കാമെന്നാണ് അദ്ദേഹം സമ്മതിച്ചിട്ടുള്ളത്. അതനുസരിച്ചുള്ള നടപടി എവിടെവരെയായി എന്ന് പരിശോധിക്കുകയും അത് ഫോളോ അപ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

(10) പ്ലസ് ടൂ വിദ്യാർത്ഥികൾക്ക് മാതൃഭാഷയിൽ കൂടി പരീക്ഷ എഴുതുവാൻ സംവിധാനം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : സർ, പ്രീഡിഗ്രി വിദ്യാഭ്യാസം കോളേജുകളിൽനിന്നും മാറ്റി പ്ലസ് ടൂ വിദ്യാഭ്യാസം ഹൈസ്കൂളുകളുടെ ഭാഗമാക്കിയതിൽ ഈ ഗവൺമെന്റ് എന്തുകൊണ്ടും അഭിനന്ദനം അർഹിക്കുകയാണ്. എന്നാൽ പ്ലസ് ടൂ വന്നതോടുകൂടി പ്ലസ് ടൂ പരീക്ഷയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു അപാകതയാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. നമ്മുടെ സംസ്ഥാനത്ത് പ്രീഡിഗ്രി പരീക്ഷ, അതുപോലെതന്നെ ഡിഗ്രി, പോസ്റ്റ് ഗ്രാഡ്വേഷൻ, ഐ.എ.എസ്. വരെയുള്ള പരീക്ഷകൾ മാതൃഭാഷയിൽ എഴുതാനുള്ള സംവിധാനമുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്നാൽ പ്ലസ് ടൂ പരീക്ഷ മാതൃഭാഷയിൽ എഴുതാൻ കഴിയാത്ത ഒരു സാഹചര്യം ഉണ്ടെന്നാണ് അറിയുന്നത്. അങ്ങനെവന്നാൽ ഇപ്പോൾ പ്ലസ് ടൂ വിന് ചേർന്ന്

LIBRARY ARCHIVES Kerala Legislative Assembly

പഠിക്കുന്ന മലയാളം മീഡിയത്തിൽ പഠിച്ച് വന്നിട്ടുള്ള ധാരാളം വിദ്യാർത്ഥികൾക്ക് പ്ലസ് ടു പരീക്ഷ എഴുതി പാസ്സായി ഡിഗ്രിക്ക് തുടർന്ന് പഠിക്കാൻ കഴിയാത്ത ഒരു സാഹചര്യമുണ്ടാവുകയാണ്. അതുകൊണ്ട് ഐ.എ.എസ്. വരെയുള്ള പരീക്ഷ മാതൃഭാഷയിൽ എഴുതാനുള്ള സാഹചര്യമുള്ള ഈ ഘട്ടത്തിൽ പ്ലസ് ടു പരീക്ഷ മാതൃഭാഷയിൽ എഴുതാനുള്ള സംവിധാനം ഏർപ്പെടുത്തണമെന്ന് ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ഈ വിഷയം ഗവൺമെന്റ് വളരെ ഗൗരവതരമായി എടുത്തിട്ടുണ്ട്. അതു നടപ്പാക്കണമെന്നു കാണിച്ച് വിദ്യാഭ്യാസ വകുപ്പ് നോട്ട് തയ്യാറാക്കി മന്ത്രിസഭായോഗത്തിലേയ്ക്ക് അയച്ചിട്ടുണ്ട്. അത് ഏറെ താമസിയാതെ പാസ്സാകും. പ്ലസ്ടു പരീക്ഷ മലയാളത്തിൽ എഴുതാനുള്ള അനുവാദം നൽകുന്നതിനുള്ള നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചു കഴിഞ്ഞു.

മി. സ്പീക്കർ : ശ്രീ. സി. ടി. അഹമ്മദ് അലിയുടെ സബ്മിഷൻ നാളത്തേയ്ക്ക് മാറ്റി. മിനിസ്റ്ററുടെ സൗകര്യം നോക്കിയാണ് അങ്ങനെ ചെയ്തത്.

VI PAPERS LAID ON THE TABLE

I. *Minister for Revenue* **(Sri. K. E. Ismail)** : Sir, on behalf of the Chief Minister, I lay on the Table :

1. G.O. (P) No. 109/2000/Vig. dated 5th December, 2000 (SRO No. 1120/2000).
2. Notification No. 64216/SSA2/2000/Home. dated 15th December, 2000 (SRO No. 1156/2000)
3. G.O. (Rt.) No. 5031/2000/Home. dated 23rd December, 2000 (S.R.O No. 1179/2000.)
4. Notification No. 62772/SSA2/ 2000/Home. dated 4th January, 2001 (S.R.G. No. 9/2001).
5. G.O. (Ms.) No. 1/2001/Home. dated 11th January, 2001 (SRO. No. 33/2001, 34/2001, 35/2001) and G.O. (Ms.) No. 1/2001/ Home (1) dated 11th January, 2001 (SRO No. 36/2001).
6. Annual Report of the Kerala Public Service Commission for the year 1996-97 and the memorandum explaining the reasons for non-acceptance of the advice of the Commission together with statement showing the reasons for delay in submitting the same.
7. Annual Report and Accounts of Kerala Shipping and Inland Navigation Corporation Limited for the Year 1998-99 together with statement showing the reasons for delay in submitting the same.

LIBRARY ARCHIVES Kerala Legislative Assembly